(ബി, സി) നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും ടൂറിസം വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്തതിനാൽ സ്വകാര്യ റിസോർട്ടുകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. എന്നാൽ പഞ്ചനക്ഷത്ര ഡീലക്സ് ഹോട്ടലുകൾ സ്ഥാപിക്കുന്നതിനായി പാട്ടവ്യവസ്ഥയിൽ സ്വകാര്യ സംരഭകർക്കായി കൈമാറിയ ബേക്കൽ ടൂറിസം പദ്ധതി പ്രദേശത്തെ അജാനൂർ, പള്ളിക്കര, ചെമ്മനാട് എന്നീ പഞ്ചായത്തുകളിൽ ഒന്നു വീതവും ഉദുമ പഞ്ചായത്തിലെ രണ്ട് റിസോർട്ടുകളുടെയും പണി 2006-2007 ടൂറിസം സീസണിൽ തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിനോദസഞ്ചാരമേഖലയിലെ തൊഴിൽ സാദ്ധ്യത

68(1544) ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. വർക്കല കഹാർ:

ശ്രീ. ബി. വിജയകുമാർ:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം രംഗത്ത് എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്;

(ബി) ടൂറിസം മുഖേന 2005-2006-ൽ ഇതുവരെ സംസ്ഥാനനത്ത് എന്ത് വരവുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2003-ൽ 7,88,600 പേർക്ക് ടൂറിസം രംഗത്ത് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും 2013-ാം ആണ്ട് ആകുമ്പോഴേക്കും 2221370 പേർക്ക് ഈ മേഖലയിൽ തൊഴിൽ കൊടുക്കാൻ കഴിയുമെന്നും കണക്കാക്കപ്പെടുന്നു.

(ബി) ഇതു സംബന്ധിച്ച കണക്കുകൾ കണക്കാക്കി വരുന്നതേയുള്ളൂ. ആയതിനാൽ ശേഖരിച്ചു നൽകുന്നതാണ്.

വേമ്പനാട് കായൽ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി

69(1547) ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പത്തിനപരിപാടിയിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം അനന്തസാധ്യതയുള്ള വിനോദസഞ്ചാര മേഖലയിൽ വേമ്പനാട് കായൽ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാധാരണക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ വേമ്പനാട് കായൽ മേഖലയിലെ കുമരകം, വൈക്കം, എറണാകുളം എന്നീ പ്രദേശങ്ങളെ ഏകോപിപ്പിച്ച് ഒരു ടൂറിസം പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

ടൂറിസ്റ്റുകൾക്കായി സീപ്ലെയിൽ സർവ്വീസ് ആരംഭിക്കാൻ നടപടി

70(1548) ശ്രീ. എ.കെ. മണി:

ശ്രീ. ലൂഡി ലൂയിസ്:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റുകളുടെ ആവശ്യാർത്ഥം സീപ്ലെയിൽ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർവ്വീസുകൊണ്ട് ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി, സി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ പഠിച്ചുവരുന്നതേയുള്ളൂ.

ടൂറിസം വകുപ്പിന്റെ സഹായത്തോടെ നിർമ്മിക്കുന്ന തിരുവനന്തപുരം ജില്ലയിലെ റോഡുകൾ

71(1549) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ തിരുവനന്തപുരം നഗരത്തിലെ കേശവദാസപുരം-പി.എം.ജി.റോഡ് മാതൃകാ റോഡാക്കാനായി ഭരണാനുമതി ലഭിച്ച പദ്ധതി ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം വകുപ്പിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ മറ്റ് ഏതെല്ലാം റോഡുകൾ നിർമ്മിക്കുന്നുവെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly